## 14 -ാം കേരള നിയമസഭ

## 22 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1356** **18-01-2021 - ൽ മറുപടിയ്ക്ക്**

## ബാലുശ്ശേരി മിനി സിവിൽ സ്റ്റേഷൻ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പുരുഷൻ കടലുണ്ടി | | Shri E. Chandrasekharan<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) | |
| (എ) | ബാലുശ്ശേരി മിനി സിവിൽ സ്റ്റേഷൻ യാഥാർത്ഥ്യമാവുന്നതോടെ ഏതൊക്കെ സർക്കാർ ഓഫീസുകളാണ് ഈ കെട്ടിടത്തിൽ പ്രവർത്തിക്കുകയെന്നും മിനി സിവിൽ സ്റ്റേഷൻ നിർമ്മാണ നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും അറിയിക്കാമോ? | (എ) | ബാലുശ്ശേരിയിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന മിനി സിവിൽ സ്റ്റേഷൻ കെട്ടിടത്തിൽ ബാലുശ്ശേരി വില്ലേജ് ഓഫീസ്, സബ് ട്രഷറി ഓഫീസ്, സബ് രജിസ്ട്രാർ ഓഫീസ്, അഗ്രികൾച്ചർ ഓഫീസ്, എംപ്ലോയ്മെന്റ് ഓഫീസ്, ഐ.സി.ഡി.എസ് ഓഫീസ് എന്നീ ഓഫീസുകൾ ഉൾക്കൊള്ളുന്ന മൂന്ന് നില കെട്ടിടത്തിനുള്ള പ്ലാൻ ആണ് പൊതുമരാമത്ത് വകുപ്പ് ചീഫ് ആർക്കിടെക്ട് തയ്യാറാക്കിയിട്ടുള്ളത്. ആയതനുസരിച്ചുള്ള എസ്റ്റിമേറ്റിന് സാങ്കേതിക അനുമതി നൽകുന്ന കാര്യം പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയറുടെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ